ഇറയം റിസർച്ച് ജേർണൽ

2016 Volume I Issue 1

# ഗാർത്തുവെയിറ്റിന്റെ വ്യാകരണം – മലയാളത്തിന്റെ ആദ്യ അപഗ്രഥനാത്മകമാതൃക

സന്തോഷ് എഛ്.കെ.

പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന ബ്രിട്ടീഷുകാരനായ വിദ്യാഭ്യാസവിദഗ്ധനായിരുന്ന ലിസ്റ്റൻ ഗാർത്ത്വെയ്റ്റ് എന്ന ജെയിംസ് ഗ്രാന്റ് ലിസ്റ്റൻ ഗാർത്ത്വെയ്റ്റ് (ഇംഗ്ലീഷ്: James Grant Liston Garthwaite) (1833 1918 ഡിസംബർ 21. ഗുണ്ടർട്ടിനു പകരക്കാരനായി മലബാർ കാനറാ മേഖലയിലെ സ്കൂൾ ഇൻസ്പെക്ടറായി നിയമിതനായത് ഗാർത്ത്വെയ്റ്റ് ആയിരുന്നു.

1857 മുതൽ വിവിധ സ്കൂളുകളിലെ പ്രധാനാദ്ധ്യാപകനായും പിന്നീട് ഡെപ്യൂട്ടി സ്കൂൾ ഇൻസ്പെക്ടറായും പ്രവർത്തിച്ചു. 1869 മുതൽ സ്കൂൾ ഇൻസ്പെക്ടറായി. പതിമൂന്നിലധികം ഇന്ത്യൻ ഭാഷകൾ ബ്രെയിലി പദ്ധതിക്ക് ഉപയുക്തമാകുന്ന രൂപത്തിൽ മാറ്റിയെടുത്തു. 1884 ൽ മദ്രാസ് യൂണിവേഴ്സിറ്റിയുടെ ഫെല്ലോഷിപ്പ് ലഭിച്ചു. നിരവധി പാഠപുസ്തകങ്ങൾ തയാറാക്കുകയും, സർക്കാരിനുവേണ്ടി കന്നഡ, മലയാളം ഭാഷകളിലെ ഹർജികൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൈസർ ഇ ഹിന്ദ് എന്ന ബ്രിട്ടീഷ് ബഹുമതി നേടിയിട്ടുണ്ട്. (വിക്കിപീഡിയാ)

Selection of Official Malayalam Documents Liston Garthwaite(1868) എന്ന പുസ്തകത്തിൽ ഗാർത്ത്വെയ്റ്റിനെ സംബന്ധിച്ച് നൽകിയിരിക്കുന്ന വിവരങ്ങൾ:

- Inspector of Schools in Malabar and Canara
- Malayalam Examiner to the University of Madras
- Acting Canarese translator to government and
- Acting Malayalam translator to government

പി ജെ തോമസ്സിന്റെ മലയാളസാഹിത്യവും കൃസ്ത്യാനികളും എന്ന പുസ്തകത്തിൽ ഗാര്ത്തൈ്വറ്റിനെക്കുറിച്ച് വിശദമായി പറയുന്നുണ്ട്. “ഗുണ്ടര്ട്ടിന്റെ മലയാള വ്യാകരണത്തിന്റെ ആദ്യത്തെ 552 വകുപ്പുകൾ 1851ലാണ് പ്രസിദ്ധീകൃതമായത്. വിദ്യാര്ഥികരിച്ച് കളുടെ ആവശ്യത്തെ പുരസ്കരിച്ച് മലയാള വ്യാകരണം

(ചോദ്യോത്തരം) 1860ല് അദ്ദേഹം പ്രസിദ്ധപ്പെടുത്തി. . അതിന്റെ ശേഷം ഒരു പുതിയ പതിപ്പ് അദ്ദേഹം യൂറോപ്പിലേക്കു പോയ ശേഷം മലബാർ സ്കൂൾ ഇന്സ്പെക്ടറായിരുന്ന ഗാര്ത്ത്വൈറ്റ് സായിപ്പിന്റെ സഹായത്തോടു കൂടി അച്ചടിപ്പിക്കുകയുണ്ടായി. മലയാള ഭാഷാ വ്യാകരണം. 569 വകുപ്പുകൾ വരെ മാത്രമേ ഗുണ്ടര്ട്ട് എഴുതിയിരുന്നുള്ളു. തുടർന്നുള്ള 309 വകുപ്പുകൾ ഗാര്ത്ത്വൈറ്റ് എഴുതിച്ചേര്ത്തതാണ്."

ഗുണ്ടർട്ടിനെ പിന്തുടർന്നുവന്ന ഗാർത്തുവെയിറ്റ് മലയാളവ്യാകരണചോദ്യോത്തരം ഇംഗ്ലീഷ് വിവർത്തനത്തോടെ പരിഷ്കരിച്ച് പുനഃപ്രസിദ്ധീകരിച്ചു. ഗുണ്ടർട്ടിന്റേതാണ് മൂലകൃതിയെങ്കിലും അത് ചെറുതും കൂടുതൽ ഉപയോഗപ്രദവുമാക്കി ശരാശരി മിഷണറിക്ക് പ്രയോജനം ചെയ്യുന്ന രീതിയിലാണ് ഗാർത്തുവെയിറ്റ് പുനഃസംവിധാനം ചെയ്തത് എന്നാണ് കെ എം ജോർജ്ജ് പറയുന്നത്.( Western Influence on Malayalam Language and Literature By K. M. George, Sahitya Akademi, 1972 പേജ് 43)

1865,67 , 70 എന്നീ വർഷങ്ങളിലായി പല പരിഷ്കരണങ്ങൾ ഈ കൃതിക്കുണ്ടായി. ഇതേപറ്റി ഫ്രോയ്ൻ മേയറിന്റെ എ പ്രോഗ്രസ്സീവ് ഗ്രാമർ ഓഫ് മലയാളം ലാംഗ്വേജിന്റെ മുഖവുരയിൽ പറയുന്നുണ്ട്. ("The arrangement made more clear revised",1865 "re arranged and enlarged,1867" translated",1870 A Progressive Grammar of the Malayalam Language By L. J. Frohnmeyer Asian Educational Services, 1989 page XIV)

The India List and India Office List 1905 ൽ ഗാർത്ത്വെയ്റ്റിനെ സംബന്ധിച്ച് നൽകിയിരിക്കുന്ന വിവരങ്ങൾ: GARTHWAITE, Liston, B.A., late Educn. Dept., Madras. Served from 8th April, 1857, as head master of various schs. , and as dep. inspr. of schs. ; from Sept., 1869, served as inspr. of schs. ; fellow of Madras Univ., March, 1884 ; compiled Kanarese and Malayalam arzis Madras (conservator). Joined the service, 21st Oct., 1875; dep. consr., Feb., 1876 ; consr., I July, 1905. (published by Great Britain. India Office Harrison and Sons, 1819 page:500)

മലയാളത്തിനായുള്ള അടിസ്ഥാന പഠനസാമഗ്രികൾ ഒരുക്കുന്നതിൽ ഗുണ്ടർട്ടാണ് അടിത്തറയിട്ടതെങ്കിലും അത് വിപുലീകരിച്ചത് ഗാർത്ത് വെയ്റ്റായിരുന്നു.മലയാളം ഗ്രാജുവേറ്റ് പോസ്റ്റ് ഗ്രാജുവേറ്റ് തലങ്ങളിൽ പഠിക്കാനാവശ്യമായ കരിക്കുലം ഫ്രെയിം വർക്ക് ചെയ്തത് അദ്ദേഹമാണെന്നു പറയാം. ഇരുപതുവർഷത്തോളം അദ്ദേഹം മദിരാശി സർവ്വകലാശാലയിലെ മലയാളം ബിരുദ ബിരുദാനന്തരവിഭാഗത്തിനായി സിലബസ്സും ചോദ്യപേപ്പറുമൊക്കെ തയ്യാറാക്കുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്.

ഇറയം റിസർച്ച് ജേർണൽ 2016 Volume I Issue 1

- പേര്: മലയാള വ്യാകരണ സംഗ്രഹം
- താളുകൾ: 32
- രചയിതാവ്: ലിസ്റ്റൻ ഗാർത്ത്വെയിറ്റ്
- പ്രസ്സ്: ബാസൽ മിഷൻ പ്രസ്സ്, മംഗലാപുരം
- പ്രസിദ്ധീകരണ വർഷം: 1883

വ്യാകരണകൃതിയുടെ സവിശേഷതകൾ

സ്കൂളുകളിൽ പഠനാവശ്യത്തിന് ഉപയോഗിക്കാൻ ചെറുതും വിലകുറഞ്ഞതുമായ ഒരു വ്യാകരണപുസ്തകം വേണമെന്ന അത്യാവശ്യത്തെപ്രതിയാണ് താൻ ഈ വ്യാകരണം ചെയ്യുന്നതെന്ന് ഗാർത്ത്വെയിറ്റ് മുഖവുരയിൽ വ്യക്തമാക്കുന്നുണ്ട്. കൂടുതൽ ഗവേഷണാത്മകവും സാഹിത്യാധ്വാനം ആവശ്യമുള്ളതുമായ കുറ്റമറ്റ ഒരു പരിശ്രമത്തിനു കഴിവുള്ള മറ്റാരെങ്കിലും ചെയ്യേണ്ട ജോലിയാണെങ്കിലും അത് സംഭവിക്കായ്കയാൽ സാഹചര്യങ്ങളുടെ അത്യാവശ്യം പ്രമാണിച്ചുമാത്രമാണ് താൻ ഈ ഗ്രന്ഥ രചനയ്ക്കൊരുങ്ങുന്നതെന്ന് മുഖവുരയിൽ അദ്ദേഹം പറയുന്നുണ്ട്.

തന്റെ വ്യാകരണസമീപനം സ്വാഭാവികമായ അപഗ്രഥന ശൈലിയാണെന്നും കൃത്രിമമായ ഉദ്ഗ്രഥനശൈലിയല്ലെന്നും പറയുന്ന സായിപ്പ് സാമ്പ്രദായികനിർദേശാത്മകവ്യാകരണ സമീപനങ്ങളെ തള്ളുകയാണ് ചെയ്യുന്നത്. കേവലം വിവരണാത്മകമായല്ല , വിശകലനാത്മകമായി അതും വലിയ യൂണിറ്റിൽനിന്ന് അപഗ്രഥനത്തിലൂടെ ഏറ്റവും ചെറിയ ഘടകത്തിലേക്ക് അതിൽനിന്നും വ്യാകരണസംവർഗത്തിന്റെ ഉറപ്പിക്കലിലേക്ക് വരുന്ന തികച്ചും നൂതനമായ ഘടനാത്മകഭാഷാശാസ്ത്രപരമായ ഒരു ശൈലിയാണ് ഗാർത്ത്വെയിറ്റ് പിന്തുടരുന്നത്. അക്ഷരം, ശബ്ദം, പദം, വാക്യം എന്ന് ചെറിയ യൂണിറ്റിൽ നിന്ന് വലിയ യൂണിറ്റിലേക്ക് സംരചനാത്മകമായിപോകുന്ന മലയാളം ശീലിച്ച പതിവു ശൈലിയിലില്ല അത്. സായ്പ്പു തന്നെ തന്റെ ശൈലിയെപ്പറ്റി പറയുന്നു.

"കൃത്രിമവും ഉദ്ഗ്രഥനാത്മകവുമായ രീതിയല്ല, സ്വാഭാവികമെന്നോ അപഗ്രഥനാത്മകമെന്നോ വിളിക്കാവുന്ന ഒരു രീതിശാസ്ത്രമാണ് ഞാൻ ഈ വ്യാകരണരചനയ്ക്കുപയോഗിച്ചിരിക്കുന്നത്. ശിശുക്കൾ സമാരിക്കുന്നതിനുമുന്നേതന്നെ ചിന്തിച്ചുതുടങ്ങുന്നുവെന്ന് നമ്മളിപ്പോൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അക്ഷരങ്ങളല്ല, ഭാഷണങ്ങളിലൂടെ ആവിഷ്കരിക്കപ്പെടുന്നുന്ന ആശയങ്ങൾക്കാണുന്നൽ കൊടുക്കേണ്ടത്. അതുകൊണ്ട് വ്യാകരണബോധനത്തിന്റെ അടിസ്ഥാനം വാക്യമാവണം. "

വരണ്ട സാങ്കേതികപദങ്ങളുപയോഗിച്ചല്ല സ്വാഭാവികവും കുട്ടികളുടെ ചിന്താപ്രക്രിയയ്ക്കിണങ്ങുന്ന അവരുടെ വികസിക്കുന്ന ഭാഷാശേഷിക്കനുഗുണമായ

പ്രായോഗികവ്യാകരണമാണാവശ്യം എന്നാണദ്ദേഹത്തിന്റെ പക്ഷം. ആധുനിക ഭാഷാബോധനസമ്പ്രദായങ്ങളോടും സമീപനരീതികളോടുമുള്ള ഇഴയടുപ്പം അദ്ദേഹത്തിന്റെ ഈ കാഴ്ചപ്പാടിനുണ്ട്. ഒരു ദാർശനികവ്യാകരണമല്ല, ഭാഷാപഠനത്തിനു സഹായകമായ ഒരു പ്രായോഗിക കൈപ്പുസ്തകമാണ് തന്റെ ലക്ഷ്യമെന്ന സൂചനയാണിതുവഴി അദ്ദേഹം നൽകുന്നത്. ആശയവ്യക്തതയും അവതരണകൃത്യതയും സാധ്യമാക്കുക എന്നതാണ് പ്രധാനം എന്നദ്ദേഹം പറയുന്നു.

**നിരീക്ഷണങ്ങൾ**

സംവൃതോകാരം ഗ്രന്ഥത്തിൽ ഉപയോഗിച്ചു കാണുന്നില്ല. ഭാഷ എന്നതിന് വാക്ക് എന്ന ശബ്ദമാണ് ഗാർത്ത്വെയിറ്റ് ഉപയോഗിക്കുന്നത്. (നമ്മുടെ വാക്കിനു മലയാളവാക്കു എന്നുപേർ) വിചാരം തികവായി പറയുന്നതിനെയാണ് വാക്യം എന്നു പറയുന്നത്.

വാക്യത്തിൽ ചുരുങ്ങിയത് ആഖ്യ ആഖ്യാതം എന്നീപദങ്ങൾ വേണം എന്നുപറഞ്ഞ് തുടർന്നുനൽകുന്ന പദവിഭജനത്തിൽ നാമം ക്രിയ അവ്യയം എന്നു മൂന്ന് വിഭാഗങ്ങൾ മാത്രമേ മലയാളത്തിലുള്ളൂ എന്ന് അഭിപ്രായപ്പെടുന്നു. എ. ആറിനെ പോലെ ശബ്ദം, പദം എന്നീ സങ്കല്പനപരമായ വ്യവച്ഛേദനം ഗാർത്ത്വെയ്റ്റിൽ കാണുന്നില്ല. രൂപഭേദം വരാത്ത പദത്തിനാണ് അവ്യയം എന്ന് പറയുന്നത്. വ്യയം മാറ്റമില്ലാത്തതെന്ന് അവ്യയത്തിന് വിശദീകരണം നൽകുന്ന സായ്പ്പ് ഇന്ന് നമ്മൾ അവ്യയങ്ങൾ എന്ന് വിവക്ഷിക്കുന്നവയെയല്ല, മറിച്ച് 'ഉം', 'ഓ' (വികല്പനിപാതമല്ല, ചോദ്യവാചിയായ 'ഏ' ആണ് നൽകുന്നത് പോന്നീലയോ ) എന്നീ നിപാതങ്ങളെയും 'ഏ' എന്ന സംബോധികയെയുമാണ് അവ്യയം എന്നുവിളിക്കുന്നത്.

പേർ ചൊല്ലുന്ന പദം ആഖ്യ അല്ലെങ്കിൽ നാമം എന്ന് നിർവചിച്ച് ഈ ആഖ്യ ചെയ്യുന്ന പ്രവൃത്തി, അല്ലെങ്കിൽ അത് ഇന്ന സ്ഥിതിയിൽ ഇരിക്കുന്നു എന്നതോ, അതുമല്ലെങ്കിൽ ക്രിയയുടെ ഫലം അനുഭവിക്കുന്നു എന്നതോ ആഖ്യാതമായി/ക്രിയയായി നിൽക്കുന്നു എന്നും നിർവചിക്കുന്നു. നാമത്തിനും ക്രിയയ്ക്കും രൂപഭേദങ്ങളുണ്ടെന്ന് പറയുന്നുണ്ടെങ്കിലും വിഭക്തിയുടെയും കാലത്തിന്റെയും സൂചനമാത്രമേ നൽകുന്നുള്ളൂ.

നാമത്തിനു പ്രധാനമായും സർവ്വനാമം എന്ന വിഭാഗമേ നിർദേശിക്കുന്നുള്ളൂ. പലനാമങ്ങൾക്ക് പകരം നിൽക്കുന്നത് എന്ന അർത്ഥത്തിൽ 'പ്രതിസംജ്ഞ' എന്ന സംജ്ഞയാണ് സർവ്വനാമത്തിനു നൽകുന്നത് . ('ഓരോ ആളുടെ പേർക്കു സംജ്ഞയായി നിൽക്കുന്ന നാമത്തിന്നു പ്രതിസംജ്ഞ എന്നുപേർ') സംഖ്യാനാമങ്ങൾക്കുപകരം നിൽക്കുന്നവയെ പ്രതിസംഖ്യാനാമമെന്നും ചൂണ്ടിക്കാണിക്കുന്ന നാമങ്ങളെ ചൂണ്ടുപേർ

എന്നും നിർവചിക്കുന്നു. മുഴുവൻ, എല്ലാ, ഒട്ടു, ചെറ്റു മുതലായ സർവനാമരൂപങ്ങൾക്ക് സംഖ്യാസൂചനയില്ലാതിരിക്കെ അവയെ പ്രതിസംഖ്യകൾ എന്ന് കണക്കാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്. സാമാന്യവാചി എന്ന നിലയ്ക്കാണ് ഇന്ന് ഈവക രൂപങ്ങൾ പരിഗണിക്കപ്പെടുന്നത്. സർവ്വനാമത്തെ സംബന്ധിച്ച വിപുലമായ വർഗീകരണം കാണുന്നത് എ. ആറിന്റെ വ്യാകരണങ്ങളിലാണ്. ശബ്ദശോധിനിയിൽ അദ്ദേഹം സർവ്വനാമങ്ങളെ ഇരുപതായി തരംതിരിക്കുന്നുണ്ട്. ഇതിൽ മിക്ക അംശവാചി സർവനാമവും എല്ലാ, ഒക്ക എന്നിവ സർവവാചിയുമാണ്. എ. ആർ ചോദ്യസർവനാമങ്ങൾ എന്ന് വിളിക്കുന്ന രൂപങ്ങൾക്ക് ചോദ്യപ്രതിസംജ്ഞാനാമങ്ങൾ എന്നാണ് ഗാർത്തുവെയിറ്റ് നൽകുന്ന പേര്. ചോദ്യ എഴുത്തുകളായ എ. ഏ, യാ എന്നിവയിൽനിന്നു ജനിക്കുന്ന നാമങ്ങൾ എന്നാണ് വിശദീകരണം. ഇതിൽ യാ എന്നത് (യാവൻ, യാവൾ) ഭാഷയിൽ നടപ്പുള്ള രൂപമല്ല. ചോദ്യപ്രതിസഞ്ജയോട് ഉം എന്ന അവ്യയം ചേർത്താൽ സർവ്വാർത്ഥപ്രതിസംഖ്യകൾ ഉണ്ടാകുമെന്ന നിരീക്ഷണവും ഗാർത്തുവെയിറ്റ് നൽകുന്നുണ്ട്. (ആരും, ഏതും, ഏവനും)

വചനത്തെ ഏകവചനം, ബഹുവചനം എന്നു തിരിച്ച് ആർ, മാർ, കൾ എന്ന് ബഹുവചനത്തിന് പ്രത്യയങ്ങൾ നൽകുന്നത് ആധുനികവ്യാകരണപ്രകാരം സമ്മതമായ കാര്യം തന്നെ.

നാമവും ക്രിയയും തമ്മിലുള്ള ചേർച്ച കാണിക്കുന്ന രൂപങ്ങളെ വിഭക്തി എന്ന് തുടർന്ന് ഉദാഹരണങ്ങളിലൂടെ നിർവചിച്ചുവെക്കുന്നു.

1. ക്രിയയെ ചെയ്യുന്നവൻ ഇന്നവനെന്നു
2. ക്രിയയെ അനുഭവിക്കുന്നതു ഇന്നതെന്നു
3. ക്രിയ ഇന്നതിനാൽ ചെയ്യുന്നു എന്നു
4. ക്രിയയുടെ അവസ്ഥ മുതലായതു
5. ക്രിയ എവിടെ എന്നു
6. നാമത്തെ ആശ്രയിക്കുന്ന
7. ക്രിയ ഏതുപ്രകാരമെന്നു

കാണിക്കുന്ന എന്ന് ഏഴ് വിഭക്തിരൂപങ്ങളെപറ്റി വിശദീകരിക്കുന്നുണ്ട്. ഇതിൽ ക്രിയയുമായി ബന്ധമില്ലാത്ത നാമത്തെ സംബന്ധിച്ചു നിൽക്കുന്ന ആറാം വിഭക്തിക്ക് സംബന്ധ വിഭക്തി എന്നു പേര് നൽകുന്നുണ്ട്.. സംബന്ധികാവിഭക്തിയുടെ ഈ വ്യതിരിക്തത ഗാർത്തുവെയിറ്റ് ശരിയായി മനസ്സിലാക്കിയിരിക്കുന്നു.

പ്രഥമകർത്തൃവിഭക്തി, ദ്വിതീയകർമ്മവിഭക്തി, തൃതീയകരണവിഭക്തി സാഹിത്യതൃതീയ, ചതുർത്ഥി പഞ്ചമി. ഷഷ്ഠി സംബന്ധവിഭക്തി, സപ്തമി സ്ഥലവിഭക്തി എന്ന് വിഭക്തികൾക്ക് നടപ്പുരീതിയിൽ സംഖ്യാശബ്ദങ്ങൾ പേരുകളായി നിർദേശിക്കുന്നതൊടൊപ്പം കാരകാടിസ്ഥാനത്തിൽ സവിശേഷമായ കർത്തൃ, കർമ്മ, സംബന്ധ, സ്ഥല എന്നമാതിരി പേരുകൾകൂടി നൽകുന്നുണ്ടെന്നത് ശ്രദ്ധിക്കേണ്ട സംഗതിയാണ്. സംസ്കൃതത്തിൽനിന്നു വ്യത്യസ്തമായി വിഭക്തികൾക്ക് പ്രത്യേക സംജ്ഞ നിർദേശിക്കുന്നതിന് എ ആർ കാരണങ്ങൾ പറയുന്നുണ്ടല്ലോ. തുടർന്ന് തന്റെ പരിഷ്കാരം എന്ന മട്ടിലാണദ്ദേഹം വിഭക്തിസംജ്ഞകൾ നൽകുന്നത്. എന്നാൽ ഗാർത്തുവെയിറ്റായിരുന്നു അദ്ദേഹത്തിന് ഇക്കാര്യത്തിൽ പൂർവ്വമാതൃക എന്ന് കാണാം.

മലയാളത്തിലില്ല എന്ന് എ ആർ പറയുന്ന അപാദാനാർത്ഥകമായ പഞ്ചമിയെക്കൂടി ഗാർത്തുവെയിറ്റ് വിഭക്തിപ്പട്ടികയിൽ ഉൾപ്പെടുത്തുന്നുണ്ട് എന്നതും പ്രസ്താവ്യമാണ്.

തൃതീയ കരണവിഭക്തി ആൽ സാഹിത്യതൃതീയ ഓട് എന്ന് പ്രയോജികയെയും സംയോജികയെയും ഒരുമിച്ച് തൃതീയയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. സംബോധന അഥവാ വിളിരൂപം പ്രഥമയിൽത്തന്നെപെട്ടതാണെന്നും വേറെ വിഭക്തിയായികാണേണ്ടതില്ലെന്നമാണ് ഗാർത്തുവെയിറ്റിന്റെ പക്ഷം. അത്ത്, ഇൻ തുടങ്ങിയ ഇടനിലകളെക്കുറിച്ചും അദ്ദേഹം പറയുന്നുണ്ട്. ഈ വക വളവിഭക്തിപ്രത്യയങ്ങൾ ചേർത്ത വിഭക്തികൾക്ക് വളവിഭക്തികൾ എന്ന പേരും നിർദേശിക്കുന്നുണ്ട്.

ലിംഗപ്രത്യയങ്ങളെപ്പറ്റി പറയുമ്പോൾ അ എന്ന് ഒരു സ്ത്രീപ്രത്യയത്തെപറ്റിക്കൂടി പറയുന്നുണ്ട്. സംസ്കൃതരീതിക്കനുസരിച്ച് ഭാര്യ എന്ന ശബ്ദമാണ് അതിന് ഉദാഹരണമായി നൽകുന്നത്.

പുരുഷനെ ഉത്തമ മധ്യമ പ്രഥമ എന്ന് പ്രധാനമായും മൂന്നായിത്തന്നെയാണ് വിഭജിക്കുന്നത്. നാം ഏതിനെ വിചാരിച്ചു പറയുന്നുവോ ആയതു പ്രഥമപുരുഷനും, നാം ആ വിചാരത്തെ ആരോടു പറയുന്ന വോ ആ ആൾ മദ്ധ്യമപുരുഷനും, ആ പറയുന്ന നാം ഉത്തമപുരുഷനും ആകുന്നു 'എന്നാണ് വിശദീകരണം.

ഒന്നിലധികം നാമങ്ങൾ ചേർന്ന് ഒറ്റ അർത്ഥത്തെ ഉണ്ടാക്കുന്ന സമാസനാമം ഉണ്ടാകുന്നു എന്ന് പറയുന്നതോടൊപ്പം ഇതിൽ ചേരുന്ന നാമങ്ങളിൽ അവസാനനാമത്തിന്റെയൊഴികെയുള്ള മറ്റുള്ളവയുടെ പ്രത്യയങ്ങൾ ചേരുമാറില്ല എന്നും വിശദീകരിക്കുന്നുണ്ട്. ചൂണ്ടെഴുത്തു ചേരുന്നതു ചൂണ്ടുസമാസം ചോദ്യഎഴുത്തുകൾ ചേരുന്നത് ചോദ്യസമാസം സംഖ്യാശബ്ദം ചേരുന്നത് സംഖ്യാസമാസം എന്ന ഒരു തരം വിഭജനമാണ് സമാസത്തിനു നൽകുന്നത്. ഇത് ഗാർത്തുവെയിറ്റിന്റെ സമാസസങ്കൽപ്പത്തെ

വികലമാക്കുന്നുണ്ട്. എന്നാൽ ചൂണ്ടുപേർ സമാസമല്ല എന്നും അവിടെ ഒന്നിലധികം നാമങ്ങളല്ല ചൂണ്ടുപേരോടുകൂടി ലിംഗപ്രത്യയങ്ങൾ മാത്രമേ ചേർന്നിട്ടുള്ളൂ എന്നും ശരിയായി പറഞ്ഞുവെക്കുന്നുമുണ്ട്.

ക്രിയയ്ക്ക് ' ഇപ്പോൾ നടക്കുന്ന കാലം, കഴിഞ്ഞു പോയ കാലം. വരും കാലം' .എന്നു മൂന്നു കാലഭേദമാണ് പ്രധാനം എന്നുപറഞ്ഞാണ് കാലപ്രകരണം ആരംഭിക്കുന്നത്. സാർവകാലികഭാവിയെ രണ്ടാം ഭാവികാലം എന്നാണു വിളിക്കുന്നത്. പ്രത്യയം ഉ, ഊ. ഭൂതകാലപ്രത്യയമായ തുവിന്റെ ഒട്ടുമിക്ക രൂപഭേദങ്ങളെയും എടുത്തുകാണിക്കുന്നുണ്ട്. പ്രകാരങ്ങലെ പ്രത്യേക ഗണമായി കാണാതെ കാലത്തിനൊപ്പം വിധി എന്ന ഒരു രൂപഭേദമായി പരിഗണിക്കുകയാണു ചെയ്യുന്നത്. കൽപ്പിക്കുക അപേക്ഷിക്കുക എന്ന് രണ്ട് വ്യത്യസ്ത അർത്ഥങ്ങളും ഇവയ്ക്ക് കൽപ്പിക്കുന്നു. നിയോജകപ്രകാരത്തിന്റെ മധ്യമബഹുവചനത്തിനുള്ള പ്രത്യയവ്യത്യാസം ഇവിടെ നിരീക്ഷിക്കുന്നുണ്ട്.

ക്രിയകളെ പൂർണ്ണം, അപൂർണ്ണം എന്നാണു വിഭജിക്കുന്നത്. പിൻവരുന്നനാമത്താൽ പൂർണ്ണമായ്വരുന്ന ക്രിയക്കു ക്രിയാശബ്ദന്യൂനമെന്നും(പേരെച്ചം) ക്രിയയാൽ പൂർണ്ണമായി വരുന്ന അപൂർണ്ണക്രിയയ്ക്ക് ക്രിയാന്യൂനമെന്നും (വിനയെച്ചം) എന്നും സംജ്ഞ നൽകുന്നു. ശബ്ദന്യൂനവും ക്രിയാന്യൂനവും ഭൂത, ഭാവി, വർത്തമാനങ്ങൾ എന്ന വിധത്തിൽ മൂന്നായി പിരിയുന്നു എന്നാണ് ഗാർത്തുവെയിറ്റ് നൽകുന്ന വിഭജനം. ഇവയ്ക്ക് ഉദാഹരണങ്ങൾ നൽകുന്നുണ്ടെങ്കിലും പേരെച്ച വിനയെച്ചപ്രത്യയങ്ങളെ എടുത്തുകാണിക്കുന്നില്ല. ഭൂതഭാവി വർത്തമാന വ്യത്യാസം കൂടാതെ ക്രിയാന്യൂനത്തിന് സംഭാവന( എ. ആർ പറയുന്ന പാക്ഷികവിനയെച്ചം), അനുവാദകം ( ആൽ +ഉം ആശംസകാപ്രകാരമായാണ് മാറുന്നത്) എന്നീ വകഭേദങ്ങളും നൽകുന്നുണ്ട്.

ക്രിയാനാമം, ക്രിയാപുരുഷനാമം എന്നിങ്ങനെ ക്രിയയുടെയും നാമത്തിന്റെയും ലക്ഷണങ്ങൾ കാണിക്കുന്ന വിധം രൂപങ്ങളുണ്ടെന്നു പറഞ്ഞ് എന്നാലിവയ്ക്ക് ക്രിയാലക്ഷണം കാണുന്നതുകൊണ്ട് ക്രിയയുടെ വിഭാഗത്തിൽത്തന്നെ പെടുത്തിയിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. ക്രിയാവിഭജനത്തിലെ സൂക്ഷ്മതക്കുറവ് ഇവിടെയൊക്കെക്കാണാം. നടുവിനയെച്ചം നാമനിർമ്മായി തദ്ധിതം പോലെയുണ്ടാ വ്യുത്പന്നരൂപങ്ങൾ ഇവയൊക്കെ ക്രിയകൾക്കകത്ത് കെട്ടിയിരിക്കുന്നു.

വിധി നിഷേധം എന്ന് രണ്ടുതരം വാക്യരൂപങ്ങളെ അനുസരണം, നിഷേധം എന്നാണ് വിളിക്കുന്നത്. ആ തന്നെയാണ് നിഷേധപ്രത്യയമായി നൽകുന്നത്. കാരിതം അകാരിതം എന്നത് ബലക്രിയ(ക്ക ഉള്ളത്) അബലക്രിയ (ക്ക ഇല്ലാത്തത്) എന്ന മട്ടിലാണ് ഗാർത്തുവെയിറ്റ് പരിചയപ്പെടുത്തുന്നത്. ക്രിയാവിഭജനം സംബന്ധിച്ച ഗാർത്തുവെയിറ്റിന്റെ

കാഴ്ചപ്പാടുകളെ പൂർണ്ണമായും സ്വാധീനിച്ചിരിക്കുന്നത് ഗുണ്ടർട്ട് വ്യാകരണമാണെന്നു പറയാം..

ഉണ്ടു, എന്നു, അരുതു, ഇല്ല, അല്ല മുതലായ ചില ക്രിയകൾക്കു മൂന്നു കാലങ്ങളും മറ്റും ക്രമമായി നടന്നുവരുന്നില്ല. ഈ വക ക്രിയക്കു ഊനക്രിയ എന്നുപേർ എന്ന് ഖിലധാതുക്കളെ പറ്റി വിശദീകരിക്കുന്നുണ്ട്.

ഒരു ക്രിയ കർത്താവിൽ മാത്രം അടങ്ങിനിൽക്കുമ്പോൾ അതിനു അകർമ്മകം എന്നും ഒരു ക്രിയ കർത്താവിൽനിന്നു ഉത്ഭവിച്ചു മറെറാരു പദത്തെ ഭരിക്കുമാറുള്ളതിനെ സകർമ്മകക്രിയ എന്നും അകർമ്മക സകർമ്മക ഭേദം കൂടി ക്രിയയ്ക്ക് കൽപ്പിക്കുന്നുണ്ട്.

വിശേഷണത്തെയും വാക്യകാണ്ഡത്തിന്റെ ഭാഗമായിക്കണ്ട് ആഖ്യ, ആഖ്യാതം, കർമ്മം ഇവകൂടാതെ വാക്യങ്ങളിൽ മറ്റ് ചില പദങ്ങൾ കൂടി കാണാം, ഇങ്ങനെ അധികമായിചേരുന്നതിന് വിശേഷണം എന്നു പേർ എന്നു നിർവചിക്കുന്നു. ആഖ്യാവിശേഷണം, ആഖ്യാതവിശേഷണം, കർമ്മ വിശേഷണം എന്നു മൂന്നായാണ് വിശേഷണത്തെ വർഗീകരിക്കുന്നത്. ജ്യേഷ്ഠന്റെ മകൻ, ദയയൊടുകൂടി പറഞ്ഞു തുടങ്ങിയ രൂപങ്ങളെയൊക്കെ വിശേഷണത്തിന്റെ പട്ടികയിലാണുൾപ്പെടുത്തിയിരിക്കുന്നത്. സംബന്ധവിഭക്തി വിഭക്തിയല്ലെന്നും ഇവയെ ഭേദകത്തിന്റെകൂടെ ഉൾപ്പെടുത്തേണ്ടതാണെന്നുമുള്ള ചില പിൽക്കാല വൈയാകരണന്മാരുടെ നിരീക്ഷണത്തിനോടൊത്തുപോകുന്നതാണിത്.

ഉപവാക്യങ്ങളെക്കൂടി വിശേഷണത്തിന്റെ സന്ദർഭത്തിൽ പറഞ്ഞുവെക്കുന്നതും ഉചിതമായിട്ടുണ്ട്. പദങ്ങൾ മാത്രമല്ല, വാക്യങ്ങളും വിശേഷണമായി വരാമെന്നുപറഞ്ഞാണ് ഉപവാക്യങ്ങളെ അവതരിപ്പിക്കുന്നത്.

എ. ആറിൽ നിന്ന് വ്യത്യസ്തമായി പദവിഭജനത്തെ വാക്യരചനയുമായി ബന്ധപ്പെട്ട് വിശദീകരിക്കാനാണ് ഗാർത്തുവെയിറ്റ് ശ്രമിക്കുന്നതെന്നുപറയാം. വാക്യകാണ്ഡത്തിനു ശേഷമാണ് അക്ഷരകാണ്ഡത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. വാക്യങ്ങൾ പദങ്ങൾകൊണ്ടുണ്ടാവുന്നു, പദങ്ങളോ അക്ഷരങ്ങൾകൊണ്ടുണ്ടാവുന്നു എന്ന് അപഗ്രഥിതശൈലിയിൽ ഭാഷാഘടനയെ വിശകലനം ചെയ്യാനാണ് അദ്ദേഹത്തിന്റെ ശ്രമം. പ്രധാനവാക്യത്തിലെ ആഖ്യയും ഉപവാക്യത്തിലെ ആഖ്യയും ഒന്നായിരുന്നുകൂടാ എന്ന വാക്യരചനാതത്വത്തെക്കൂടി ഇവിടെ സൂചിപ്പിക്കുന്നുണ്ട്.

അക്ഷരങ്ങളിൽ സ്വതന്ത്രമായി ഉച്ചരിക്കാൻ കഴിയുന്നവയെ സ്വരങ്ങൾ എന്നുപറഞ്ഞ് അ, ആ, ഇ, ഈ, ഉ, ഊ, ഋ, എ, ഏ, ഐ,ഒ, ഓ, ഔ എന്നു പതിമൂന്നു സ്വരങ്ങളാണ് അക്ഷരമാലയിൽ നൽകുന്നത്. ൠ, ഌ, ൡ എന്നിവയെ സ്വരപ്പട്ടികയിൽ

നിന്നൊഴിവാക്കിയിരിക്കുന്നു. ആര്യഭാഷാരീതിയിൽ എ. ആർ. സ്വരപ്പട്ടികയിൽ ഉൾപ്പെടുത്തിയിക്കുന്ന അം അ: എന്നിവയ്ക്കും സ്ഥാനമില്ല.

16 സ്വരങ്ങൾ 37 വ്യഞ്ജനങ്ങൾ ആകെ 53 അക്ഷരങ്ങൾ എന്നാണല്ലോ എ. ആറിന്റെ കണക്ക്. സ്വരങ്ങൾക്ക് ഹ്രസ്വദീർഘഭേദമല്ലാതെ സന്ധ്യക്ഷരം, സമാനാക്ഷരം എന്ന തരത്തിലോ ധ്വനിഭേദത്തിന്റെ അടിസ്ഥാനത്തിലോ വർഗീകരണമൊന്നും നൽകുന്നില്ല. ക മുതൽ ക്ഷവരെ വ്യഞ്ജനങ്ങൾ എന്നല്ലാതെ ഏതേതെന്ന വിശദീകരിച്ചിട്ടില്ല. വർഗാക്ഷരങ്ങളിൽ ഖരമൃദുക്കളെപ്പറ്റി മാത്രമേ പറയുന്നുള്ളൂ. ഈ നിലയ്ക്ക് ഗാർത്തുവെയിറ്റിന്റെ അക്ഷരമാലാവിവരണം അവ്യവസ്ഥിതവും അപൂർണ്ണവുമാണെന്ന പറയാം.

വർണവികാരം എന്ന നിലയ്ക്കല്ല ശബ്ദങ്ങൾ ചേരുന്നതിനാണ് സന്ധി എന്നുപറയുന്നത്. ലോപം. ആഗമം. ദ്വിത്വം എന്ന് മൂന്ന് സന്ധിയെക്കുറിച്ചുമാത്രമേ പ്രതിപാദിക്കുന്നുള്ളൂ. ആദേശമില്ല എന്നാൽ അഭ്യാസത്തിൽ ആദേശരൂപമായ മമ്പലക കാണാം. അവിദഗ്ദ്ധമായി എഴുതിയ ഒരു കൈപ്പുസ്തകത്തിന്റെ സ്വഭാവം ഈ പുസ്തകത്തിൽ പലയിടത്തും ഇതുപോലെ കാണാം.

പുസ്തകാവസാനത്തിൽ വാക്യപരിച്ഛേദനരീതി നൽകിയിരിക്കുന്നു. ഗാർത്തുവെയിറ്റ് തന്നെ എഡിറ്റ് ചെയ്ത് വിപുലീകരിച്ച ഗുണ്ടർട്ടിന്റെ മലയാളവ്യാകരണചോദ്യോത്തരത്തിന്റെ മാതൃകയാണിവിടെ സ്വീകരിക്കുന്നത്.

ഒരു ബ്രാഹ്മണൻ യാഗം ചെയ്വാൻ  ആട്ടിനെ മേടിച്ചുകൊണ്ടുപോകുമ്പൊൾ വഴിയിൽവെച്ചു കണ്ടാറെ ദുഷ്ടന്മാർ പലരുംകൂടിബ്രാഹ്മണൻ ആട്ടിനെവിട്ടുപോകത്തവണ്ണം ഒരു ഉപായം ചെയ്യേണം എന്ന നിശ്ചയിച്ചു. എന്നൊരു വാക്യമാണ് ഗുണ്ടർട്ട് പരിച്ഛേദനത്തിനായി എടുക്കുന്നത്. പുസ്തകാവസാനത്തിൽ ഗദ്യരീതിയുടെയും പദ്യരീതിയുടെയും വാക്യപരിഛേദനസമ്പ്രദായം വെവ്വേറെ ഉദാഹരണങ്ങളിലൂടെ വിശകലനം ചെയ്യുന്നുണ്ട്.

ഇവിടെ ഗാർത്തുവെയിറ്റ്  പുറമേക്ക് കൂടുതൽ ലളിതവും ഉപവാക്യസമൃദ്ധവുമായ ഒരു വാക്യമാണ് വിശകലനത്തിനായെടുത്തുചേർത്തിരിക്കുന്നത്.

“ഒരിക്കൽ ഒരു മടിയനായ കുട്ടി തന്നോടു കൂടി കളിപ്പാൻ ആരും ഇല്ലാതെ ഇരിക്കുമ്പോൾ ഒരു വണ്ടു പറക്കുന്നതു കണ്ടു. എന്നാറെ എടോ വണ്ടേ. എന്നോടുകൂടി കളിപ്പാൻ വരുമോ എന്ന ചോദിച്ചു.”

ഇതിൽ ഒരു ചേർന്ന എല്ലാ നാമങ്ങളെയും സംഖ്യാസമാസം എന്ന നിലയ്ക്കാണ് പരിഗണികുന്നത്, മടിയനായ തുടങ്ങിയ എ. ആർ. വിഭാവകം എന്ന വിശേഷണമായി പറയുന്നതിനെ ഭൂതശബ്ദന്യൂനം ആയി ക്രിയകളുടെ കൂട്ടത്തിൽ പെടുത്തിയിരിക്കുന്നു.

മലയാലവാക്യഘടനയുടെ സങ്കീർണ്ണതയെ വെളിവാക്കുന്നവിധം ഒരു വാക്യമായി ഇതിനെ പരിഗണിക്കാൻ വയ്യെങ്കിലും തന്റെ വ്യാകരണത്തിൽ മുമ്പ് പറഞ്ഞ ഒട്ടുമിക്ക വ്യാകരണഘടകങ്ങളെയും ഒരു വാക്യത്തിലൂടെ അതിന്റെ വാക്യധർമ്മം വിശദീകരിച്ച് എടുത്തുകാണിക്കാനാണ് ഗാർത്തുവെയിറ്റ് ശ്രമിക്കുന്നത്.

ചുരുക്കത്തിൽ കുട്ടികൾക്ക് വ്യാകരണബോധനം നൽകുന്നതിനാവശ്യമായ ഒരു കൈപ്പുസ്തകം എന്ന നിലയിൽ സമർത്ഥമാണ് ഗാർത്തുവെയിറ്റിന്റെ വ്യാകരണം എന്നു പറയാം. കേരളപാണിനീയം പോലെയോ വ്യാകരണമിത്രം പോലെയോ വ്യാകരണദർശനത്തിലധിഷ്ഠിതമോ മലയാഴ്മയുടെ വ്യാകരണം പോലെ മൗലികമായ ഒരു കൃതിയോ അല്ല മലയാളവ്യാകരണസംഗ്രഹം. എന്നാൽ പ്രായോഗികവ്യാകരണം എന്ന നിലയിൽ ആധുനിക ഭാഷാബോധനതത്വങ്ങളെ കൃത്യമായി പിന്തുടരുന്ന കൃതിയാണിതെന്നു പറയാതെ വയ്യ. കേരളപാണിനീയത്തിനു മുന്നേ കേരളക്കരയിലുടനീളം ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെട്ട ഒരു വ്യാകരണപുസ്തകമായി ഇതു മാറിയതിന്റെ കാരണവും മറ്റൊന്നല്ല. എന്നാൽ ചരിത്രത്തിൽ ഇത്രത്തോളം അവമതിക്കപ്പെട്ട, അവഗണിക്കപ്പെട്ട മറ്റൊരു വ്യാകരണകൃതിയുമില്ല എന്നുകൂടി പറയാതെവയ്യ.